# കേരള കാർഷിക സർവ്വകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
കാസറഗോഡ്-671310, 0467 226632, rarspil@kau.in

നം.ബി3-1782/2023 തീയതി: 13.08.2024

**ദർഘാസ്/ലേല പരസ്യം**

ഈ കേന്ദ്രത്തിലെ വിവിധ ബ്ലോക്കുകളിലെ ഉണങ്ങിയ മരങ്ങൾ തടി/വിറക് ഇനത്തിൽപ്പെടുത്തി വിൽക്കുന്നതിനുള്ള ലേലം ഈ കേന്ദ്രത്തിൽ വെച്ച് **23.08.2024 –ന് 3 PM മണിക്ക് നടക്കുന്നു.** വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | ഇനം | തരം | മര നമ്പർ | വണ്ണം (അടി) | ഉയരം (മീറ്റർ) | തടി | വിറക് |
|---|---|---|---|---|---|---|---|
| 1 | പ്ലാവ് | തടി/വിറക് | 52 | 4 1/2 | 3 | 0.547 | 0.139 |
| 2 | | | 56 | 2 | 3 | 0.257 | 0 |
| 3 | | | 58 | 3 1/2 | 3 1/2 | 0.130 | 0 |

1. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട് വെച്ച് **23.08.2024 ന് ഉച്ചയ്ക്ക് 3 മണിക്ക്** മേൽപ്പറഞ്ഞ മരങ്ങൾ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.
2. ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേ ദിവസം 2 **മണിക്ക്** 1000/- രൂപയുടെ നിരത ദ്രവ്യം ഓഫീസിൽ ഒടുക്കി ടോക്കൺ കൈപ്പറ്റേണ്ടതാണ്.
3. ഏറ്റവും കൂടിയ തുക വിളിക്കുന്നയാളിന്റെ പേരിൽ തൃപ്തികരമെന്ന് കണ്ടാൽ ലേലം ഉറപ്പിക്കുന്നതും, ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം അന്നുതന്നെ ഓഫീസിൽ അടക്കേണ്ടതുമാണ്. ബാക്കി തുക 7 ദിവസത്തിനുള്ളിൽ അടക്കേണ്ടതും, അല്ലാത്ത പക്ഷം അടച്ച തുക യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലം നടത്തുന്നത് മൂലം സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ നികത്താൻ ലേലക്കാരൻ ബാധ്യസ്ഥനാകുന്നതാണ്.
4. താഴെപ്പറയും പ്രകാരമുള്ള ജി.എസ്.ടി, ഫോറസ്റ്റ് ടാക്സ് എന്നിവ ബാധകമാണ്.
   ടിംബർ: ജി.എസ്.ടി 18% + ഫോറസ്റ്റ് ടാക്സ് 5%
   വിറക്: ജി.എസ്.ടി ഇല്ല, ഫോറസ്റ്റ് ടാക്സ് 5%
5. മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അവകാശം മൊത്തം തുക അടച്ച തീർത്ത തീയതി മുതൽ 15 ദിവസം വരെ ആയിരിക്കും.
6. യൂണിവേഴ്സിറ്റിയുടെയോ മറ്റ് വസ്തു വകകൾക്കോ, കേടുപാട് സംഭവിക്കാതെ വിജയിയായ ലേലക്കാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ ലേലം കൊണ്ട മരങ്ങൾ മുറിച്ചു നീക്കേണ്ടതാണ്.
7. ജോലി സംബന്ധമായ സുരക്ഷ അപകടം സംഭവിച്ചാലുള്ള നിയമപരമായ പരിരക്ഷ എന്നിവയ്ക്ക് ലേലംകൊണ്ട വ്യക്തിയുടെ ഉത്തരവാദിത്തം ആയിരിക്കും.

8. ലേലം നീട്ടിവെക്കാനോ മാറ്റിവെക്കാനോ ഉള്ള അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ലേലത്തിന്റെ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. ശ്രീ. രതീഷ് പി കെ അസ്സോസിയേറ്റ് പ്രൊഫസർ i/c ഫാം.
2. ഫാം സൂപ്രണ്ട്
3. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
4. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
5. ആർ എ ആർ എസ് വാട്സ്ആപ്പ് ഗ്രൂപ്പ്
6. വെബ്സൈറ്റ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ